
ലേഖനം

സദ്റുദ്ദീൻ വാഴക്കാട്

# സംഘ്പരിവാറും വിദേശഫണ്ടും

**ഇന്ത്യൻ** എൻ.ജി.ഒ(Non Governmental Organisations)കൾക്ക് ഏറ്റവുമധികം വിദേശ ഫണ്ടുകൾ വരുന്നത് എവിടെ നിന്നാണ്? യുനൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക എന്നു മറുപടി പറയാൻ രണ്ടുവട്ടം ആലോചിക്കേണ്ടതില്ല. ബ്രിട്ടനാണ് രണ്ടാം സ്ഥാനത്ത്. ഇംഗ്ലണ്ട്, ജർമനി, ഇറ്റലി, ഹോളണ്ട് തുടങ്ങിയ രാജ്യങ്ങൾ പിറകെ വരുന്നു. ഇന്ത്യയിൽ ഈ വിദേശ പണം ഏറ്റവുമധികം കൈപ്പറ്റുന്നത് ആരാണ്? ഉത്തരം കൃത്യമാണ്; സംഘ്പരിവാർ സംഘടനകൾ!

അമേരിക്കയിലും ബ്രിട്ടനിലും മറ്റുപല യൂറോപ്യൻ രാജ്യങ്ങളിലും വ്യാപകമായ സ്വാധീനവും വേരുകളുമുള്ള വി.എച്ച്.പിയും ആർ.എസ്.എസും ഉൾപ്പെടുന്ന ഇന്ത്യയിലെ സംഘ്പരിവാർ സംഘങ്ങൾക്ക് കോടിക്കണക്കിന് ഡോളറുകളാണ് വിവിധ വഴികളിലൂടെ ഒഴുകിയെത്തുന്നത്. ഐ.ഡി.ആർ.എഫ്, എച്ച്. എസ്.എസ്, സേവാ ഇന്റർ നാഷനൽ തുടങ്ങിയ സംഘ്പരിവാറിന്റെ അമേരിക്കൻ-യൂറോപ്യൻ പതിപ്പുകളാണ് ഫണ്ടിംഗിന് ചുക്കാൻ പിടിക്കുന്നത്. അമേരിക്കയിലും യുറോപ്യൻ രാജ്യങ്ങളിലും ജോലി ചെയ്യുന്ന സംഘ്പ്രവർത്തകരുടെ സംഭാവന, അവർക്ക് സ്വാധീനമുള്ള വൻകിട കമ്പനികളുടെ സഹായനിധികൾ, കോർപറേറ്റുകളുടെ ഭീമമായ ഫണ്ടുകൾ, വമ്പൻ മുതലാളിമാരുടെ സംഭാവനകൾ തുടങ്ങിയവയാണ് പ്രധാന സാമ്പത്തിക സ്രോതസ്സ്. ഇന്ത്യയിലെ ഗ്രാമീണ വികസനം, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, ദാരിദ്ര്യ നിർമാർജനം, സാംസ്കാരിക-സാമൂഹിക സേവനങ്ങൾ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടങ്ങിയ പേരുകളിലാണ് പല ഫണ്ടുകളും സംഘ്പരിവാർ കൈക്കലാക്കുന്നത്. ഇന്ത്യയിലെവിടെയും സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ സംഘ്പരിവാറിന് അന്താരാഷ്ട്ര സഹായനിധികൾ കൈവശപ്പെടുത്താനുള്ള മികച്ച അവസരങ്ങളാണ്. ഇങ്ങനെ ശേഖരിക്കുന്ന കോടിക്കണക്കിന് രൂപ ഹിന്ദുത്വ വിചാരധാരയിൽ പുതിയ തലമുറയെ വാർത്തെടുക്കാൻ വേണ്ടിയുള്ള വിദ്യാഭ്യാസപ്രവർത്തനങ്ങൾ, ആദിവാസികളുടെയും ഗോത്രവർഗക്കാരുടെയും വർഗീയവൽക്കരണം, ആർ.എസ്.എസ് ക്യാമ്പുകൾ, ആയുധശേഖരണം, സായുധ പരിശീലനം, സംഘ്പരിവാറിന്റെ സാംസ്കാരിക പ്രവർത്തനങ്ങൾ തുടങ്ങിയവക്കുവേണ്ടി വ്യാപകവും വ്യവസ്ഥാപിതവുമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയിൽ സംഘ്പരിവാർ നടത്തിയിട്ടുള്ള ന്യൂനപ



ക്ഷവേട്ടകളും ഭീകരാക്രമണങ്ങളും ഇത്തരം വിദേശ സഹായങ്ങൾ കൂടി ഉപയോഗിച്ചു കൊണ്ടുള്ളതാണ്. ഈ യാഥാർഥ്യങ്ങൾ മൂടിവെച്ചുകൊണ്ടാണ് മുസ്‌ലിംകൾക്ക് വരുന്ന വിദേശ ധനത്തെക്കുറിച്ച് നിറം പിടിപ്പിച്ച കഥകൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്.

ഇന്ത്യയെ പിടിച്ചുലച്ചുകൊണ്ടിരിക്കുന്ന ദുരൂഹമായ ബോംബ് സ്ഫോടനങ്ങളുടെയും തീവ്രവാദപ്രവർത്തനങ്ങളുടെയും പശ്ചാത്തലത്തിൽ, മുസ്‌ലിംകൾക്ക് വർധിച്ച വിദേശ പണം ലഭിക്കുന്നുണ്ടെന്നും അത് ഉപയോഗിച്ചുകൊണ്ട് തീവ്രവാദപ്രവർത്തനങ്ങൾ നടത്തുകയാണെന്നും സംഘ്പരിവാറും കാവിയിൽ മുങ്ങിയ മീഡിയയും പ്രചണ്ഡമായി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. 'ഭീകരതക്ക് വേണ്ടിയുള്ള നിധി സ്വരൂപിക്കൽ' (Terror Funding) എന്നാണ് ചിലരുടെ പ്രയോഗം. ഇന്റലിജൻസ് ഉദ്യോഗസ്ഥരുടെ വെളിപ്പെടുത്തൽ എന്ന പേരിൽ പൊലിപ്പിച്ചവതരിപ്പിക്കുന്ന കള്ളക്കഥകൾ മുസ്‌ലിം സംഘടനകളെയും സ്ഥാപനങ്ങളെയും മദ്റസകളെയും സംശയത്തിന്റെ നിഴലിൽ നിർത്തുന്നു. അവക്കെതിരിൽ 'ദുരൂഹതകൾ' ആരോപിക്കുന്നു. അതേസമയം, സംഘ്പരിവാർ സംഘടനകൾ കോടിക്കണക്കിന് ഡോളറിന്റെ വിദേശ പണം കൈപ്പറ്റുന്നതും അതുപയോഗിച്ച് വർഗീയ-ഭീകര പ്രവർത്തനങ്ങൾ നടത്തുന്നതും മീഡിയ കാണാതെ പോകുന്നു. ന്യൂനപക്ഷ സംഘടനകളും സ്ഥാപനങ്ങളും വിദേശപണം കൊണ്ട് മതപരിവർത്തനവും ഭീകരപ്രവർത്തനവും നടത്തുന്നുവെന്ന് തറപ്പിച്ചു പറയുന്നവർ, 'ചില ഹിന്ദു സംഘടനകളും നിരീക്ഷണപട്ടികയിലുണ്ടെന്ന്' എവിടെയും തൊടാതെ പറഞ്ഞു പോകുന്നു. ഭാവന അറോറ *ഇന്ത്യാടുഡേ*യിൽ എഴുതിയ ലേഖനം ഉദാഹരണം (Turning off the top. Bhavana Vij-Aurora October 24, 2008). *ഹിന്ദി രാഷ്ട്രീയ സഹാറ*യിൽ 'തീവ്രവാദികളുടെ ഖജനാവിന്റെ താക്കോൽ എവിടെയാണ്? ഇന്റലിജൻസ് ഏജൻസികൾ പരാജയപ്പെടുന്നു' എന്ന തലക്കെട്ടിൽ ഒരു റിപ്പോർട്ട് (2008 സെപ്റ്റംബർ 22) വരികയുണ്ടായി.


അമേരിക്കയിലും ബ്രിട്ടനിലും മറ്റുപല യൂറോപ്യൻ രാജ്യങ്ങളിലും വ്യാപകമായ സ്വാധീനവും വേരുകളുമുള്ള വി.എച്ച്.പിയും ആർ.എസ്.എസും ഉൾപ്പെടുന്ന ഇന്ത്യയിലെ സംഘ്പരിവാർ സംഘങ്ങൾക്ക് കോടിക്കണക്കിന് ഡോളറുകളാണ് വിവിധ വഴികളിലൂടെ ഒഴുകിയെത്തുന്നത്. ഐ.ഡി.ആർ.എഫ്, എച്ച്. എസ്. എസ്, സേവാ ഇന്റർനാഷ്നൽ തുടങ്ങിയ സംഘ്പരിവാറിന്റെ അമേരിക്കൻ- യൂറോപ്യൻ പതിപ്പുകളാണ് ഫണ്ടിംഗിന് ചുക്കാൻ പിടിക്കുന്നത്.

2004-'05 ലെ കണക്ക് പ്രകാരം ഇന്ത്യയിൽ 14,145 എൻ.ജി.ഒ കൾ പ്രവർത്തിക്കുന്നുണ്ട്. അവ മൊത്തം 5105 കോടി രൂപയുടെ വിദേശ പണം സ്വീകരിക്കുന്നുവെന്ന് കണക്കുകളിൽ കാണുന്നു. 1992-ൽ ഇത് 900 കോടി മാത്രമായിരുന്നു. ഔദ്യോഗിക രേഖകളനുസരിച്ച് രാജ്യത്ത് വർഷം തോറും പത്തുകോടി രൂപയുടെ സഹായ ധനം ലഭിക്കുന്ന 59 എൻ.ജി.ഒകളാണുള്ളത്. ഹിന്ദു-ക്രിസ്ത്യൻ സംഘടനകളാണ് അവയെല്ലാം. ഒന്നുപോലും മുസ്‌ലിംകളുടേതില്ല. 152 വിദേശ രാജ്യങ്ങളിൽനിന്നാണ് ഇന്ത്യയിലേക്ക് പണം വരുന്നത്. അമേരിക്കയാണ് ഏറ്റവും കൂടുതൽ പണം ഇന്ത്യയിലെത്തിക്കുന്നത്. ഇന്ത്യയിലെത്തുന്ന മൊത്തം വിദേശ പണത്തിന്റെ 34 ശതമാനവും യു.എസിന്റേതാണ് - അതായത് 1679 കോടി രൂപ. അമേരിക്കയുമായി ഉറ്റബന്ധമുള്ളതും അവിടെ പോഷകസംഘടനകളുള്ളതും സംഘ്പരിവാറിനാണ്. അതുകൊണ്ട് ഈ കോടികളുടെ വലിയ പങ്കും കിട്ടുന്നത് ആർക്കാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ! ഇംഗ്ലണ്ടിൽനിന്ന് 679 കോടിയും ഇറ്റലിയിൽനിന്ന് 304 കോടിയും ഹോളണ്ടിൽനിന്ന് 237 കോടിയും വർഷം തോറും ഇന്ത്യയിലെത്തുന്നു. ദൽഹി, ആന്ധ്രപ്രദേശ്, മഹാരാഷ്ട്ര, കർണാടക, തമിഴ്നാട് എന്നിവയാണ് വിദേശപണം ഏറ്റവും കൂടുതൽ എത്തിച്ചേരുന്ന സംസ്ഥാനങ്ങൾ. ഇതിൽ സംഘ്പരിവാറിന് പ്രധാന പങ്കാണുള്ളത്. (*ദഅ്വത്ത്*- ഉർദു ത്രൈദിനപത്രം - 2008 ഒക്ടോബർ 13)

### ഐ.ഡി.ആർ.എഫ്

അമേരിക്കൻ കോർപറേറ്റുകളിൽനിന്ന് ഹിന്ദുത്വ തീവ്രവാദികൾക്ക് പണം സ്വരൂപിക്കാനുള്ള ഏജൻസിയാണ് 'ഇന്ത്യാ വികസന-ദുരിതാശ്വാസ നിധി' (India Development and Relief Fund - IDRF). 1989-ൽ അമേരിക്കയിലെ മേരിലാന്റ് കേന്ദ്രമായി സ്ഥാപിക്കപ്പെട്ട ഐ.ഡി.ആർ.എഫ് സംഘ്പരിവാറിന്റെ ഫണ്ട് ശേഖരണ ഏജൻസിയാണ്. 'വികസനം-ദുരിതാശ്വാസ പ്രവർത്തനം' എന്ന പേരിൽ കോടിക്കണക്കിന് ഡോളറുകൾ പിരിച്ചെടുക്കുകയും അത് ഇന്ത്യയിലുടനീളമുള്ള ആർ.എസ്.എസ് പദ്ധതികളുടെ നടത്തിപ്പിനായി എത്തിച്ചുകൊടുക്കുകയും ചെയ്യുകയാണ് ഐ.ഡി.ആർ.എഫിന്റെ ചുമതല. ഒരു കണക്കനുസരിച്ച് 2000-ൽ 3.8 മില്യൻ ഡോളറാണ് ഐ.ഡി.ആർ.എഫ് സംഘ്പരിവാറിന് എത്തിച്ചുകൊടുത്തത്. 1994-2000 കാലത്ത് ഐ.ഡി.ആർ.എഫ് സംഘ്പരിവാർ പോഷക ഘടകങ്ങൾക്ക് കൊടുത്തത് നാല് മില്യൻ ഡോളറാണ്. 'വനവാസി കല്യാൺ ആശ്രം' ആണ് ഇങ്ങനെ പണം ലഭിക്കുന്നവയിൽ പ്രധാനം. ന്യൂനപക്ഷ വിരുദ്ധ കലാപത്തിൽ വ്യക്തമായ പങ്കാണ് 'വനവാസി കല്യാൺ ആശ്രമത്തിന്' (VKA) ഉള്ളത്.

അമേരിക്കൻ സംഘടനാ രജിസ്ട്രേഷൻ നിയമമനുസരിച്ച് നികുതി ബാധ്യതയില്ലാതെ സേവന സ്വഭാവത്തിൽ പ്രവർത്തിക്കുന്ന സംഘടനയാണ് ഐ.ഡി.ആർ.എഫ്. ഇന്ത്യയിലെ ഗ്രാമീണ വികസനത്തെയും ഗോത്രവർഗ ക്ഷേമത്തെയും നഗരങ്ങളിലെ




Source: A Foreign Exchange of Hate – IDRF and the American Funding of Hindutva.

ദാരിദ്ര്യനിർമാർജനത്തെയും സഹായിക്കുന്ന സന്നദ്ധസംഘടനയാണ് അമേരിക്കൻ ഗവൺമെന്റ് രേഖകളിൽ ഐ.ഡി.ആർ.എഫ്. അവർ ചെയ്യുന്നതാകട്ടെ സംഘ്പരിവാറിനുള്ള ഫണ്ടിംഗും. പക്ഷേ, ഐ.ഡി.ആർ.എഫ് നേതാക്കൾ തങ്ങൾക്ക് ആർ.എസ്.എസുമായും വി.എച്ച്.പിയുമായുമുള്ള ബന്ധം മറച്ചുവെക്കാനാണ് ശ്രമിക്കുന്നത് (Deflections to the Right by Ashish Sen, Outlook July 22, 2002). എന്നാൽ, സംഘ്പരിവാറും ഐ.ഡി.ആർ.എഫും തമ്മിലുള്ള ബന്ധം അനിഷേധ്യമായ തെളിവുകളുള്ളതാണ്. കേവലമൊരു ബന്ധമല്ല, സംഘ്പരിവാറിന്റെ സാമ്പത്തിക ഏജന്റായി പ്രവർത്തിക്കുക എന്നതു മാത്രമാണ് ഐ.ഡി.ആർ.എഫിന്റെ ദൗത്യം. ഐ.ഡി.ആർ.എഫ് അമേരിക്കൻ ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ള രേഖകളും അവർ നടത്തിയ 'സേവന' പ്രവർത്തനങ്ങളെക്കുറിച്ച് അവർതന്നെ പുറത്തിറക്കിയ റിപ്പോർട്ടുകളും ഇതിന് മതിയായ തെളിവുകളാണ്.

നികുതി ഒഴിവാക്കി കിട്ടാനായി ഐ.ഡി.ആർ.എഫ് യു.എസ് ഗവൺമെന്റിന് സമർപ്പിച്ച അപേക്ഷകളിൽ അവർ സാമ്പത്തിക സഹായം നൽകുന്ന പ്രധാനപ്പെട്ട ഇന്ത്യൻ സംഘങ്ങളുടെ പേരുകൾ ചേർത്തിട്ടുണ്ട്. അവയെല്ലാം സംഘ്പരിവാർ സംഘങ്ങളാണ്. ഉദാഹരണമായി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 'വികാസ് ഭാരതി', സംഘ്പരിവാറിന്റേതാണെന്ന് അവർ തന്നെ പറയുന്നുണ്ട് (www.sewainternational.org). തമിഴ്നാട്ടിലെ വി.എച്ച്.പിയുടെ സഹോദര സംഘമായ സ്വാമിവിവേകാനന്ദ റൂറൽ ഡെവലപ്മെന്റ് സൊസൈറ്റി(SVRDS)യാണ് മറ്റൊന്ന് (www.sewainternational.org). ഐ.ഡി.ആർ.എഫ് വെബ്സൈറ്റിൽ ഇന്ത്യയിലെ 70 സഹോദര സംഘങ്ങൾക്ക് ധനസഹായം നൽകുന്നതായി പറയുന്നു. അവയിൽ അറുപതും സംഘ് പരിവാറിന്റേതാണ് (www.idrf.org).

ഐ.ഡി.ആർ.എഫിന്റെ നേതൃത്വത്തിലും പ്രവർത്തകരിലും മുഖ്യപങ്കും സംഘ്പരിവാറുകാരാണ്. ഐ.ഡി.ആർ.എഫ് സ്ഥാപകരിലൊരാളായ ഭീഷ്മ അഗ്നിഹോത്രി അറിയപ്പെടുന്ന ആർ.എസ്.എസുകാരനും എച്ച്.എസ്.എസിന്റെ സംഘ്ചാലകും (supremo) ആണ് (Agnihotri's posting criticized, The Hindu Aug. 30, 2001). ഇതിന്റെ സ്ഥാപകരിൽ പെട്ട ജതീന്ദർ കുമാറും രാം ജ്ഞാനിയും സംഘ്പ്രവർത്തകർ തന്നെ (BJP Leader Meets with community groups, India Abroad July 9, 1999, The Times of India Sept. 18, 1999). ഐ.ഡി.ആർ.എഫിന്റെ സ്ഥാപകനും പ്രസിഡന്റുമായ വിനോദ് പ്രകാശും ഭാര്യ സരള വിനോദ് പ്രകാശും അറിയപ്പെടുന്ന സംഘ് നേതാക്കളാണ്. എച്ച്.എസ്.എസിന്റെ വാർത്താ പത്രിക 'സംഘ് സന്ദേശ്' (2001 ജനുവരി) തന്നെ ഇത് വ്യക്തമാക്കുന്നുണ്ട്. വി.എച്ച്.പിയുടെ അന്താരാഷ്ട്ര പ്രസിഡന്റും ന്യൂനപക്ഷ വിരുദ്ധ കലാപങ്ങളുടെ ആസൂത്രകനുമായ അശോക് സിംഗാളുമായും ഇവർക്കു ബന്ധമുണ്ട്. ( We'll repeat our experiment, Indian Express, Sept. 3, 2002) ഇന്ത്യയിൽ ഐ.ഡി.ആർ.എഫിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന വിജയ് മല്ലംപതി ( Vijay Mallampati) സജീവ സംഘ് പരിവാർ ഏജന്റാണ്. അമേരിക്കയിൽ സംഘ് പരിശീലന ക്യാമ്പിന്റെ പ്രധാന പരിശീലകൻ ( Mukhya Shikshak) ആയിരുന്നു അദ്ദേഹം. ( Shyam Parande: RSS goes global, chalks out expansion plan, by Suresh Unnithan The observer, April 3, 1998, HSS Newsletter, Sangh Sandesh, Dec. 99, page 9)



അമേരിക്കൻ കോർപറേറ്റുകളിൽനിന്ന് ഹിന്ദുത്വ തീവ്രവാദികൾക്ക് പണം സ്വരൂപിക്കാനുള്ള ഏജൻസിയാണ് 'ഇന്ത്യാ വികസന-ദുരിതാശ്വാസ നിധി'. 1989-ൽ അമേരിക്കയിലെ മേരിലാന്റ് കേന്ദ്രമായി സ്ഥാപിക്കപ്പെട്ട ഐ.ഡി.ആർ.എഫ് സംഘ്പരിവാറിന്റെ ഫണ്ട് ശേഖരണ ഏജൻസിയാണ്. 'വികസനം-ദുരിതാശ്വാസ പ്രവർത്തനം' എന്ന പേരിൽ കോടിക്കണക്കിന് ഡോളറുകൾ പിരിച്ചെടുക്കുകയും അത് ഇന്ത്യയിലുടനീളമുള്ള ആർ.എസ്.എസ് പദ്ധതികളുടെ നടത്തിപ്പിനായി എത്തിച്ചുകൊടുക്കുകയും ചെയ്യുകയാണ് ഐ.ഡി.ആർ.എഫിന്റെ ചുമതല.

### സംഘ് സ്വാധീനം

1980 മുതൽ ഹിന്ദുത്വ ശക്തികൾ അമേരിക്കയിൽ ക്രമപ്രവൃദ്ധമായ വളർച്ചയാണ് നേടിക്കൊണ്ടിരിക്കുന്നത്. അമേരിക്കൻ യൂനിവേഴ്സിറ്റികളിലും സോഫ്റ്റ്‌വെയർ മേഖലകളിലുമാണ് സംഘ്പരിവാറിന് ഏറ്റവുമധികം സ്വാധീനമുള്ളത്. ഇന്ത്യൻ പ്രവാസികളിൽ വലിയൊരു വിഭാഗത്തെ കൈയിലെടുക്കാനായതാണ് സംഘ്പരിവാറിന്റെ നേട്ടം. ഐ.ഡി.ആർ.എഫിനു പുറമെ സേവന സംഘടനയായി അറിയപ്പെടുന്ന VHP-America, ഹിന്ദു യൂനിവേഴ്സ് (H.U), നാഷ്നൽ ഓഫ് ഹിന്ദുത്വ (N.H), ഹിന്ദു വുമൺ (H.W), ഗ്ലോബൽ ഹിന്ദു ഇലക്ട്രോണിക് നെറ്റ്‌വർക് (GHEN), ഹിന്ദു സ്റ്റുഡന്റ്സ് കൗൺസിൽ(HSC) തുടങ്ങിയവയും സംഘ്പരിവാറിനു വേണ്ടി ധനസമാഹരണം നടത്തുന്നുണ്ട്.

സോഫ്റ്റ്‌വെയർ കമ്പനികളിൽ ജോലിചെയ്യുന്ന പ്രഫഷനലുകളും ഇന്ത്യൻ പ്രവാസികളുമാണ് സംഘ്പരിവാറിന്റെ അമേരിക്കയിലെ മുഖ്യ സാമ്പത്തിക സ്രോതസ്സ്. ഐ.ഡി.ആർ.എഫിന്റെ പ്രവർത്തകർ തങ്ങൾ ജോലിചെയ്യുന്നതും സ്വാധീനമുള്ളതുമായ സോഫ്റ്റ് വെയർ കമ്പനികളെ സമീപിച്ച് ഫണ്ട് സമാഹരിക്കുന്നു. സേവനപ്രവർത്തനങ്ങൾക്കായി ലാഭത്തിന്റെ

നിശ്ചിത ശതമാനം നീക്കിവെക്കുന്ന വൻകിട കമ്പനികൾക്കു മുമ്പിൽ ഇന്ത്യയിലെ വികസന-ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് പണം നൽകാവുന്ന ഏറ്റവും മികച്ച ഒരേയൊരു ഏജൻസിയായി ഐ.ഡി.ആർ.എഫിനെയാണ് സംഘ്പരിവാർ പ്രവർത്തകർ പരിചയപ്പെടുത്തുന്നത്. ഐ.ഡി.ആർ.എഫിന് വൻതുക നൽകിയ കമ്പനിയായിരുന്നു സിസ്കോ ( CISCO). മതേതര സ്വഭാവത്തിൽ സേവന പ്രവർത്തനങ്ങൾ നടത്തുന്നവർക്കുമാത്രമേ പണം നൽകാവൂ എന്നായിരുന്നു സിസ്കോയുടെ തീരുമാനം. 'ഏകമതവും, ഏകസംസ്കാരവും' പ്രോത്സാഹിപ്പിക്കുന്നവർക്ക് പണം നൽകില്ല എന്നായിരുന്നു കമ്പനിയുടെ നയം. മതേതര-സേവന വേദിയാണെന്ന് തെറ്റിദ്ധരിച്ചാണ് സിസ്കോ ഐ.ഡി.ആർ.എഫിന് പണം നൽകിയത്. 1999 ഐ.ഡി.ആർ.എഫ് ഫണ്ടിന്റെ അഞ്ചു ശതമാനം സിസ്കോയുടേതായിരുന്നു. എന്നാൽ എസ്.എഫ്.എച്ച് ( Stop funding Hate) എന്ന സംഘടന ഐ.ഡി.ആർ.എഫ് സംഘ്പരിവാറിന്റെ അമേരിക്കൻ ഫണ്ടിംഗ് ഏജന്റാണെന്നും അവർ പണം ഉപയോഗിക്കുന്നത് വർഗീയ പ്രവർത്തനങ്ങൾക്കാണെന്നും തെളിയിക്കുന്ന റിപ്പോർട്ട് പുറത്തുവിട്ടതോടെ സിസ്കോ ഐ.ഡി.ആർ.എഫിന് നൽകുന്ന ഫണ്ട് നിർത്തലാക്കി. മാത്രമല്ല, ഐ.ഡി.ആർ.എഫിന്റെ പ്രവർത്തനങ്ങൾക്കെതിരെ പത്ത് മുൻനിര കോർപറേഷനുകളിൽ എസ്.എഫ്.എച്ചിന്റെ റിപ്പോർട്ട് സഹിതം പരാതി നൽകുകയും ചെയ്തു സിസ്കോ. (*ഫ്രണ്ട് ലൈൻ* - വാള്യം 19, ഇഷ്യു 25, ഡിസംബർ 7-20, 2002. SC Pvt Ltd. മുംബൈ, SACWഫ്രാൻസ് റിപ്പോർട്ട് 2002).

എസ്.എഫ്.എച്ച് നടത്തിയ പഠനത്തിലാണ് ആർ.എസ്.എസും വി.എച്ച്.പിയും മറ്റും അമേരിക്കൻ കോർപറേറ്റുകളിൽനിന്ന് കോടിക്കണക്കിന് ഡോളറുകൾ കൈപറ്റുകയും അതുപയോഗിച്ച് ഇന്ത്യയിൽ ഹിന്ദുത്വ തീവ്രവാദം പ്രചരിപ്പിക്കുകയും ഗുജറാത്തിലും മറ്റും ന്യൂനപക്ഷ വിരുദ്ധ വർഗീയ കലാപങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നതിന്റെ തെളിവുകൾ കണ്ടെത്തിയത്. *ഫ്രണ്ട് ലൈനിൽ* നൗനിധി കൗർ (Naunidhi Kaur) 'വർഗീയത: വിദേശ കരങ്ങൾ' (Communalism The Foreign hand) എന്ന തലക്കെട്ടിൽ എസ്.എഫ്.എച്ചിന്റെ പഠന ഫലങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഒരു ലേഖനം എഴുതിയിരുന്നു (വാള്യം 19, ലക്കം 25, 7-20 ഡിസംബർ, 2002).

'വനവാസി കല്യാൺ ആശ്രമ'ത്തിന് പുറമെ ഇന്ത്യയുടെ പലഭാഗങ്ങളിലായി സ്ഥാപിക്കപ്പെട്ടിട്ടുള്ള അനേകം സ്ഥാപനങ്ങൾ ഐ.ഡി.ആർ.എഫിന്റെ ധനസഹായം കൊണ്ടാണ് പ്രവർത്തിക്കുന്നത്. സേവാഭാരതി (ന്യൂദൽഹി), വികാസ് ഭാരതി (ബിഹാർ), സ്വാമി വിവേകാനന്ദ റൂറൽ ഡവലപ്മെന്റ് സൊസൈറ്റി (തമിഴ്നാട്), ജനസേവാ വിദ്യാകേന്ദ്ര (കർണാടക), ഗിരിവാസി വനവാസി സേവാ പ്രകൽപ് (യു.പി), ജി. ദേശ് പാണ്ഡെ വനവാസി വസ്തിഗ്ര (മഹാരാഷ്ട്ര) തുടങ്ങിയവ ഉദാഹരണം. 'സേവാഭാരതി' പ്രത്യക്ഷത്തിൽ തന്നെ ആർ.എസ്.എസിന്റെ പോഷക ഘടകമാണ്. ആദിവാസികളെയും ഗോത്രവർഗക്കാരെയും കേന്ദ്രീകരിച്ചുകൊണ്ടാണ് സ്വാമിവിവേകാനന്ദ റൂറൽ ഡെവലപ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനം.

അമേരിക്കയിലെ വൻകിട സാങ്കേതിക കമ്പനികളായ Sun Microsystems, AOL-Time Warner, Hewlett Packard തുടങ്ങിയവയുടെ ഫണ്ടുകളിൽ 83 ശതമാനവും ഐ.ഡി.ആർ.എഫ് വഴി ആർ.എസ്.എസിനും വി.എച്ച്.പിക്കുമാണ് ലഭിക്കുന്നത്. കോടിക്കണക്കിന് ഡോളറുകൾ വരും ഇത്. സെക്യുലർ സംഘടനകൾക്ക് കിട്ടുന്നത് വെറും രണ്ട് ശതമാനം മാത്രം! ഐ.ഡി.ആർ.എഫിന്റെ വെബ്സൈറ്റ് പറയുന്നത് അതൊരു ചാരിറ്റി സംഘമാണെന്നാണ്. 2001-ൽ ഗുജറാത്ത് ഭൂകമ്പത്തിന്റെ ഇരകളായവർക്ക് സഹായം നൽകിയതും അവർ എടുത്തു പറയുന്നു. എന്നാൽ ഗുജറാത്ത് ഭൂകമ്പത്തിനിരയായവർക്ക് നൽകിയെന്നു പറയുന്ന സഹായധനം സംഘ്പരിവാർ വഴി അവരുടെ ആളുകൾക്ക് മാത്രമാണ് എത്തിയത്. ഐ.ഡി.ആർ.എഫിന്റെ ന്യൂനപക്ഷ വിരുദ്ധ പ്രചാരണത്തിന് പല ഉദാഹരണങ്ങളുമുണ്ട്. പീഡിതരായ ബംഗ്ലാദേശ് ഹിന്ദുക്കൾക്കും കശ്മീർ ഹിന്ദുക്കൾക്കും വേണ്ടി ഐ.ഡി.ആർ.എഫ് ഫണ്ട് സ്വരൂപിച്ചിരുന്നു. വേൾഡ് ട്രേഡ് സെന്റർ ദുരന്തത്തിനിരയായവരുടെ കുടുംബങ്ങൾക്ക് വേണ്ടിയും അവർ ഫണ്ട് ശേഖരിച്ചു. മൂന്നിലും മുസ്‌ലിംകളാണ് പ്രതിസ്ഥാനത്ത് നിർത്തപ്പെടുന്നത്. അതേസമയം ഗുജറാത്തിലെ മുസ്‌ലിം വിരുദ്ധ കലാപത്തിലെ ഇരകൾക്ക് ഐ.ഡി.ആർ.എഫ് ഒന്നും നൽകിയിട്ടുമില്ല. യഥാർഥത്തിൽ ഗുജറാത്തിലേതുൾപ്പെടെയുള്ള ന്യൂനപക്ഷ വിരുദ്ധ കലാപങ്ങൾക്കാണ് ഐ.ഡി.ആർ.എഫ് സാമ്പത്തിക സഹായം നൽകിയത്. ആദിവാസികളിലും ഗോത്രവർഗക്കാരിലും കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വനവാസി കല്യാൺ ആശ്രമത്തിനും വിവേകാനന്ദ കേന്ദ്രത്തിനും മറ്റും നൽകുന്ന ധനസഹായം അതിന്റെ തെളിവാണ്. വി.എച്ച്.പിയുടെ ആഭിമുഖ്യത്തിലുള്ള വിദ്യാലയങ്ങളും പ്രവർത്തിക്കുന്നത് ഐ.ഡി.ആർ.എഫ് പണം കൊണ്ടാണ്. കുട്ടികളെ ന്യൂനപക്ഷ വിരോധികളാക്കി വളർത്തിയെടുക്കുന്നവയാണ് ഈ ഏകാധ്യാപക വിദ്യാലയങ്ങൾ.

അമേരിക്കയിലെ കോർപറേഷനുകളിലും എൻ.ആർ.ഐ (non resident indians) കളിലും നടത്തിയ പഠനത്തിൽനിന്ന് ഐ.ഡി.ആർ.എഫ്ഉം ആർ.എസ്.എസും തമ്മിലുള്ള ബന്ധം വ്യക്തമായി തെളിയുകയുണ്ടായി. Rider universityയിലെ ഇൻഫർമേഷൻ വിഭാഗത്തിൽ പ്രഫസറായ ബിജുമാത്യു പറയുന്നത് അവർ ഇത് സംബന്ധമായി പ്രചാരണങ്ങൾ നടത്തുന്നുണ്ടെന്നാണ് (*ഫ്രണ്ട് ലൈൻ* 2002 ഡിസംബർ 7-20).

അമേരിക്കയിലെ വൻകിട സാങ്കേതിക കമ്പനികളായ Sun Microsystems, AOL-Time Warner, Hewlett Packard തുടങ്ങിയവയുടെ ഫണ്ടുകളിൽ 83 ശതമാനവും ഐ.ഡി.ആർ.എഫ് വഴി ആർ.എസ്.എസിനും വി.എച്ച്.പിക്കുമാണ് ലഭിക്കുന്നത്. കോടിക്കണക്കിന് ഡോളറുകൾ വരും ഇത്. സെക്യുലർ സംഘടനകൾക്ക് കിട്ടുന്നത് വെറും രണ്ട് ശതമാനം മാത്രം!

## എച്ച്.എസ്.എസ്

ബ്രിട്ടനിലെ സംഘ്പരിവാർ സംഘടനയാണ് എച്ച്.എസ്.എസ് (Hindu Swayam Sevak Sangh-HSS). ആർ.എസ്.എസിന്റെ ബ്രിട്ടീഷ് പതിപ്പ്. ഇന്ത്യയിലെ ആർ.എസ്.എസ് പ്രവർത്തനങ്ങൾക്കുവേണ്ടി ബ്രിട്ടനിൽനിന്ന് പണം പിരിച്ച് അയക്കുക, ഹിന്ദുത്വ വിചാരധാരയിലേക്ക് ആളെ കൂട്ടുംവിധം ആർ.എസ്.എസ് തത്ത്വശാസ്ത്രം പ്രചരിപ്പിക്കുക എന്നീ രണ്ട് ദൗത്യങ്ങളാണ് എച്ച്.എസ്.എസിനുള്ളത്.

ബ്രിട്ടീഷ് ഹൗസ് ഓഫ് ലോർഡ്സ് (BHL) സ്ഥാപിച്ച AWAAZ (South Asian Watch) എന്ന സ്വതന്ത്ര അന്വേഷണ വേദി നടത്തിയ പഠനം എച്ച്.എസ്.എസിന്റെ പ്രവർത്തനങ്ങളുടെ ചുരുളഴിക്കുന്നു. ബ്രിട്ടനിൽനിന്ന് ചാരിറ്റി റിലീഫ് പ്രവർത്തനങ്ങൾക്ക് എന്ന പേരിൽ കോടിക്കണക്കിന് രൂപയാണ് എച്ച്.എസ്.എസ് വഴി ആർ.എസ്.എസിന് ലഭിക്കുന്നത് എന്നാണ് AWAAZ

കണ്ടെത്തിയിരിക്കുന്നത്.

Leicesterകേന്ദ്രമാക്കി റജിസ്റ്റർ ചെയ്തിട്ടുള്ള ചാരിറ്റി സംഘടനയായാണ് എച്ച്.എസ്.എസ് പ്രവർത്തിക്കുന്നത്. സേവാ ഇന്റർനാഷ്നലിന്റെ (Sewa International) ധനസമാഹരണ ഏജൻസിയാണിത്. ബ്രിട്ടനിൽ ആഴ്ചതോറും എഴുപത് കായിക-സൈദ്ധാന്തിക പരിശീലന ക്ലാസുകളാണ് ഇവർ നടത്തുന്നത്. ആർ.എസ്.എസിന്റെ ലക്ഷ്യവും പ്രവർത്തന രീതിയും തന്നെയാണ് ബ്രിട്ടനിൽ എച്ച്.എസ്.എസിനുള്ളത്. ഇന്ത്യയിൽ എപ്രകാരമാണോ ആർ.എസ്.എസ്, അതുപോലെയാണ് യു.കെയിൽ എച്ച്.എസ്.എസ്. സേവാ ഇന്റർനാഷ്നൽ (SI)രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ചാരിറ്റി സംഘമല്ല. എച്ച്.എസ്.എസിന്റെ രജിസ്ട്രേഷൻ നമ്പർ ഉപയോഗിച്ച് പ്രവർത്തിക്കുകയും ബ്രിട്ടീഷ് പൊതുസമൂഹത്തിൽനിന്ന് ഫണ്ട് ശേഖരിക്കുകയുമാണ് അവർ ചെയ്യുന്നത്. VHP UKയും Kalyan Ashram Trust UKയും ബ്രിട്ടനിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ധർമ വേദികൾ(Charity Organisations) ആണ്.



ഇന്ത്യയിലെ വികസന പ്രവർത്തനങ്ങൾക്ക് മാനുഷിക പരിഗണനകളോടെ ബ്രിട്ടനിലെ ജനങ്ങൾ നൽകുന്ന പണം എപ്രകാരമാണ് ആർ.എസ്.എസിന്റെ കൈകളിലെത്തുന്നത് എന്ന് AWAAZന്റെ പഠനം തെളിയിക്കുന്നു. ഗുജറാത്ത് ഭൂകമ്പത്തിന്റെ ഇരകൾക്കുവേണ്ടി ബ്രിട്ടനിലെ സഹൃദയർ നൽകിയ 2 മില്യൻ പൗണ്ടിന്റെ ധനസഹായം കൈക്കലാക്കിയത് ആർ.എസ്.എസ് ആണ്. ഒറീസയിലെ ചുഴലിക്കൊടുങ്കാറ്റിനിരയായവർക്കുവേണ്ടി ബ്രിട്ടനിലെ ഉദാരമതികൾ നൽകിയ പണവും സേവാ ഇന്റർനാഷ്നൽ വഴി ആർ.എസ്.എസിന്റെ കൈകളിലാണെത്തിയത്. ഇന്ത്യയുടെ പലഭാഗങ്ങളിലും ആർ.എസ്.എസിന്റെ പ്രവർത്തനങ്ങൾ നടത്താനും വർഗീയ സ്വഭാവമുള്ള വിദ്യാലയങ്ങൾ നിർമിക്കാനും കലാപങ്ങൾ ഉണ്ടാക്കാനുമാണ് ബ്രിട്ടനിൽനിന്ന് ലഭിച്ച ഭൂകമ്പ-ചുഴലിക്കാറ്റ് ബാധിതർക്കുള്ള ദുരിതാശ്വാസ ഫണ്ട് സംഘ്പരിവാർ വിനിയോഗിച്ചത്. (More on RSS Foreign funds- The AWAAZ Report - By Nalini Taneja, People Democracy March - 7, 2004 Vol. XXVIII- No. 10)

> ഇന്ത്യയിലെ വികസന പ്രവർത്തനങ്ങൾക്ക് മാനുഷിക പരിഗണനകളോടെ ബ്രിട്ടനിലെ ജനങ്ങൾ നൽകുന്ന പണം എപ്രകാരമാണ് ആർ.എസ്.എസിന്റെ കൈകളിലെത്തുന്നത് എന്ന് AWAAZന്റെ പഠനം തെളിയിക്കുന്നു. ഗുജറാത്ത് ഭൂകമ്പത്തിന്റെ ഇരകൾക്കുവേണ്ടി ബ്രിട്ടനിലെ സഹൃദയർ നൽകിയ 2 മില്യൻ പൗണ്ടിന്റെ ധനസഹായം കൈക്കലാക്കിയത് ആർ.എസ്.എസ് ആണ്. ഒറീസയിലെ ചുഴലിക്കൊടുങ്കാറ്റിനിരയായവർക്കു വേണ്ടി ബ്രിട്ടനിലെ ഉദാരമതികൾ നൽകിയ പണവും സേവാ ഇന്റർനാഷ്നൽ വഴി ആർ.എസ്.എസിന്റെ കൈകളിലാണെത്തിയത്.

ഗുജറാത്ത് ഭൂകമ്പത്തിന്റെ പേരിൽ ലഭിച്ച രണ്ട് മില്യൻ പൗണ്ടിന്റെ ഭൂരിഭാഗവും ചെലവഴിച്ചത് 'സേവാഭാരതി' വഴിയാണ്. ആർ.എസ്.എസിന്റെ രഹസ്യ സങ്കേതങ്ങൾ നിർമിക്കുന്നതുൾപ്പെടെ സംഘ്പരിവാറിന്റെ അജണ്ടകൾ നടപ്പിലാക്കാനാണ് പ്രസ്തുത പണം ഉപയോഗിച്ചത്. നിരവധി 'ആർ.എസ്.എസ് ഗ്രാമങ്ങൾ' ഭൂകമ്പ ബാധിത പ്രദേശങ്ങളിൽ ആ പണം കൊണ്ട് നിർമിച്ചിട്ടുണ്ട്. മിതാപസ്വരിയ (Mithapasvaria) ഗ്രാമത്തിന് തറക്കല്ലിട്ടതും റാപർ (Rapar) ഗ്രാമം ഉദ്ഘാടനം ചെയ്തതും ആർ.എസ്.എസ് നേതാവ് കെ.എസ് സുദർശനായിരുന്നു. രണ്ടും ഭൂകമ്പാനന്തരം ബ്രിട്ടീഷ് ഫണ്ട് ഉപയോഗിച്ച് ആർ.എസ്.എസ് ഉണ്ടാക്കിയ 'ഹിന്ദുഗ്രാമങ്ങൾ!' ബദൻപൂർ (Badanpur) ഗ്രാമത്തിന്റെ പുനരുത്ഥാന പ്രവർത്തനങ്ങൾ നടക്കുമ്പോൾ തന്നെ അവിടെ ആർ.എസ്.എസ് ശാഖകൾ തുടങ്ങുകയും സൈനികവും സൈദ്ധാന്തികവുമായ പരിശീലനം നൽകാൻ തുടങ്ങുകയും ചെയ്തിരുന്നു. മുസ്‌ലിംകളെ നശിപ്പിച്ച് ചനസ്മാ(Chanasma) ഗ്രാമം ശുദ്ധീകരിക്കണമെന്ന് പ്രഖ്യാപിക്കുകയും അതിന് ശ്രമിക്കുകയും വഖ്ഫ് ബോർഡിന്റെ ഭൂമി തട്ടിയെടുക്കുകയും ചെയ്ത ലോക് കല്യാൺ സമിതി (Lok Kalyan Samiti)യാണ് ആർ.എസ്.എസ് വഴി ബ്രിട്ടീഷ് ഫണ്ട് ലഭിച്ച മറ്റൊരു സംഘ് ഗ്രൂപ്പ്. മുസ്‌ലിം-ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്കെതിരെ വർഗീയാക്രമണങ്ങൾ നടത്തുന്ന ഗുജറാത്തിലെയും മഹാരാഷ്ട്രയിലെയും ജൻകല്യാൺ സമിതിക്കും (Jan Kalyan Samiti) ആർ.എസ്.എസ് ഗുജറാത്ത് ഫണ്ടിൽനിന്ന് പണം കൊടുത്തിട്ടുണ്ട്. ഭൂകമ്പത്തിനിരയായ ദലിതർക്കും മുസ്‌ലിംകൾക്കും ഈ പണത്തിൽനിന്ന് ഒന്നും കൊടുത്തില്ലെന്ന് മാത്രമല്ല, റിലീഫ് പ്രവർത്തനങ്ങൾ നടത്താനെത്തിയ മതേതര സന്നദ്ധസംഘടനകളെ ആക്രമിക്കുകയും ചെയ്തിരുന്നു അവർ.

2003-ൽ ഗുജറാത്ത് ഗ്രാമത്തിൽ നടത്തിയ യാത്രകളും 2003 മാർച്ച്-മെയ് മാസങ്ങളിൽ ഗുജറാത്തിലെ വ്യക്തികളുമായി നടത്തിയ അഭിമുഖങ്ങളും അതേവർഷം ഇന്ത്യയുടെ ഇതര ഭാഗങ്ങളിലെ വ്യക്തികളുമായും യു.എസിലെയും യു.കെയിലെയും പ്രമുഖരുമായും നടത്തിയ അഭിമുഖങ്ങളും പ്രിന്റ് - ഇലക്ട്രോണിക് മാധ്യമങ്ങളിൽനിന്ന് ശേഖരിച്ച വിവരങ്ങളും മുന്നിൽ വെച്ചാണ് AWAAZപഠനറിപ്പോർട്ട് തയാറാക്കിയത്. തദടിസ്ഥാനത്തിൽ എച്ച്.എസ്.എസിന്റെയും അനുബന്ധ സംഘടനകളുടെയും ചാരിറ്റബ്ൾ പദവി പിൻവലിക്കണമെന്നും പൊതുസമൂഹവും രാഷ്ട്രീയ വേദികളും അവർക്ക് നൽകുന്ന ഫണ്ട് നിർത്തലാക്കണമെന്നും രാഷ്ട്രീയക്കാരും പൊതുജന-സന്നദ്ധ സംഘടനകളും മതവിഭാഗങ്ങളും അവരുമായുള്ള ബന്ധം വേർപെടുത്തണമെന്നും AWAAZ നിർദേശിക്കുകയുണ്ടായി. വിഷയത്തെക്കുറിച്ച അന്വേഷണത്തിന് ബ്രിട്ടീഷ് പാർലമെന്റ് മുൻകൈ എടുക്കണമെന്നും അവർ ശിപാർശ ചെയ്തു. റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. (AWAAZ- South Asia Watch Ltd, London, 2004 ISBN 0 954717406- www.awaazsan.org).

(തുടരും)

sadarvzkd@yahoo.co.in